MaX BOOKS



# പൗലോ കൊയ്‌ലോ

## ദേവദൂതന്റെ തീർത്ഥാടനങ്ങൾ

എഡിറ്റർ
ഡോ. തോമസ് സ്കറിയ

## ആമുഖം

വാക്കുകളുടെ ആൽക്കെമിസ്റ്റ്
ഡോ. തോമസ് സ്കറിയ

## പഠനങ്ങൾ

1. സ്വപ്നപരിണാമത്തിന്റെ രാസവിദ്യ
ഡോ. ജൈനിമോൾ കെ.വി.
2. വെളിച്ചത്തിന്റെ വഴിയും പോരാളിയുടെ വഴിയമ്പലങ്ങളും
ഡോ. ദീപേഷ് കരിമ്പുങ്കര
3. ആർച്ചർ
ഡോ. ബിൻസി സി.ജെ.
4. അഡൽറ്ററി: എഴുത്തിന്റെയും വായനയുടെയും രത്യാന്തരങ്ങൾ
ഡോ. വി. അനീഷ് കുമാർ
5. രാഷ്ട്രീയ അഭയാർത്ഥിത്വവും ആധ്യാത്മിക സ്ഥൈര്യവും
ഡോ. സ്വപ്ന ആന്റണി
6. വെറോനിക്ക മരിക്കാൻ തീരുമാനിക്കുന്നു
ഡോ. എം. എസ് ഷീബ
7. ഹിപ്പികളുടെ ലോകസഞ്ചാരം
ഡോ. മായ എസ്. നായർ
8. വാൽകൈറീസ്: മാലാഖമാരുമായി ഒരു കണ്ടുമുട്ടൽ
ഡോ. സോണിയ ജോസ്
9. മാതാ ഹരി: ചരിത്രത്തിലെ ചാരവനിത
ജസീല പി. കെ.
10. വിജയി ഏകനാണ്
ഡോ. സുനിൽ ജോസ്
11. പോർട്ടോബെല്ലോയിലെ മന്ത്രവാദിനി
ഡോ. തോമസ് സ്കറിയ

അഞ്ച്

# രാഷ്ട്രീയ അഭയാർത്ഥിത്വവും ആധ്യാത്മിക സ്ഥൈര്യവും

(പൗലോ കൊയ്ലോയുടെ ഫിഫ്ത് മൗണ്ടൻ
എന്ന കൃതിയെ മുൻനിർത്തിയുള്ള വായന)

**ഡോ : സ്വപ്ന ആന്റണി**

ഒരു ജനതയുടെമേൽ അധീശവർഗ്ഗം അടിച്ചേൽപ്പിച്ച ദൈവസങ്കല്പത്തെ തിരസ്കരിച്ചതിന്റെ പേരിൽ വധശിക്ഷയ്ക്ക് വിധിക്കപ്പെട്ട ഏലിയ, ജന്മനാട്ടിൽ നിന്നു പലായനംചെയ്യുന്നു. മരുഭൂമിയിലൂടെയുള്ള ദുരിതപൂർണമായ അലച്ചിലിനുശേഷം സറഫേത്തിൽ എത്തിച്ചേർന്ന അയാൾ തന്റെ ജീവിതത്തിന്റെ ആത്യന്തികലക്ഷ്യം തിരിച്ചറിയുന്നു. പ്രതിസന്ധികൾ നേരിടേണ്ടി വരുന്നുണ്ടെങ്കിലും അതിജീവനത്തിനായി ഏലിയാ നടത്തുന്ന പോരാട്ടങ്ങളിലൂടെ മനുഷ്യന്റെ ഇച്ഛാശക്തിയുടെ വിജയകഥ പറയുന്ന കൃതി ആണ് പൗലോ കൊയ്ലോയുടെ ഫിഫ്ത് മൗണ്ടൻ. ഈശ്വരസങ്കൽപം വിമോചനസങ്കല്പമായി മാറുന്നതോടൊപ്പം വിമോചനം എന്നാൽ അവനവനിൽനിന്നുള്ള മോചനം ആണെന്ന് ഈ കൃതി പറയുന്നു. നിരന്തരം ആവർത്തിക്കപ്പെടുന്ന രാഷ്ട്രീയ അഭയാർത്ഥിത്വത്തിന്റെയും പലായനത്തിന്റെയും പശ്ചാത്തലത്തിൽ നിന്നുകൊണ്ട് പ്രസ്തുത കൃതിയെ വായിച്ചെടുക്കാൻ ശ്രമിക്കുകയാണ് ഈ പ്രബന്ധത്തിൽ ചെയ്യുന്നത്.

സ്ഥലകാലങ്ങളിൽ ചേർന്നുനിൽക്കുമ്പോഴാണ് മനുഷ്യന് അസ്തിത്വം ഉണ്ടാകുന്നത്. സ്വന്തം ദേശത്തുനിന്ന് നിരന്തരം ആട്ടിയോടിക്കപ്പെടുന്ന മനുഷ്യൻ സ്വന്തം അസ്തിത്വത്തെ നിഷേധിക്കപ്പെട്ട മനുഷ്യൻ കൂടിയാണ്. ജന്മദേശത്തിലേക്ക് തിരിച്ചെത്താനു